പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *234 — 14.12.2015 ലെ മറുപടിയ്ക്ക്

## പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എം.പി.വിൻസെൻറ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്താനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് ; | എ) | സംസ്ഥാനത്ത് 176 ടൂറിസ്റ്റ് ലൊക്കേഷനുകൾ നിലവിലുണ്ടെങ്കിലും 09.02.2009 ലെ ജി.ഒ.(ആർ.റ്റി) നം.1030/09/ടൂറിസം , 21.12.2010 ലെ ജി.ഒ.(ആർ.റ്റി) നം.9926/10/ടൂറിസം എന്നിവ പ്രകാരം 51 സ്ഥലങ്ങളെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ടൂറിസം ലൊക്കേഷനുകൾ കൂടി ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി നേടിയെടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | ടൂറിസം ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനമാണ് ലക്ഷ്യമിടുന്നത്. കൂടാതെ വിനോദസഞ്ചാരികളെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് വേണ്ടി സൗകര്യ പ്രദമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി മെഗാ സർക്യൂട്ട് ഡെവലപ്മെന്റ്, ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് തുടങ്ങി വിവിധ പദ്ധതികൾ ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | ടൂറിസം വകുപ്പിനു കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു വേണ്ടി അതാത് നിർവ്വഹണ ഏജൻസികളെ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, പദ്ധതി നടത്തിപ്പുകളുടെ പുരോഗതി വിലയിരുത്തുവാനും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും 14 ജില്ലകളിലും നിലവിലുള്ള ജില്ലാ ഓഫീസുകളുടെ മേൽ നോട്ടത്തിൽ പ്രോജക്ട് മോണിട്ടറിംഗ് സെൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ